പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1376 06.03.2020 ലെ മറുപടിക്ക്

## ആലത്തൂർ നിയോജക മണ്ഡലത്തിൽ ഹരിതകേരളം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി പ്രസേനൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.<br>**ആലത്തൂർ ബ്ലോക്ക്**<br>1) ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു പഞ്ചായത്ത് തരിശ് രഹിത ഗ്രാമമാക്കുന്നതിന് ആലത്തൂർ,എരിമയൂർ,കിഴക്കെഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഓരോ വാർഡ് വീതം തിരഞ്ഞെടുത്തു.<br>2) ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിൽ 1875 പച്ചക്കറിതൈകൾ വീതം വിതരണം ചെയ്തു.<br>3) സ്കൂളുകളിൽ പച്ചക്കറികൃഷിക്കായി ആലത്തൂരിൽ 2 ഉം എരിമയൂരിൽ 2 ഉം കിഴക്കഞ്ചേരിയിൽ 3 ഉം സ്കൂളുകൾ വീതം തെരഞ്ഞെടുത്തു.<br>4) പാഠം ഒന്ന് പാടത്തേയ്ക്ക് എന്ന പദ്ധതിയിലൂടെ കുട്ടികളിൽ കൃഷിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ചു.<br>5) കിഴക്കഞ്ചേരി പഞ്ചായത്തിൽ 15 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്തു.<br>6) എരിമയൂർ പഞ്ചായത്തിൽ 2 മഴമറ ഉണ്ടാക്കി.<br>7) എല്ലാ പഞ്ചായത്തിലും പച്ചക്കറി കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ |

| | |
|---|---|
| | പരിപാടി നടത്തി.<br>8) ആലത്തൂർ പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്തും കിഴക്കഞ്ചേരി പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്തും എരിമയൂരിൽ 1 ഹെക്ടർ സ്ഥലത്തും തരിശ് നെൽകൃഷി ചെയ്തു.<br>***നെന്മാറ ബ്ലോക്ക്***<br>മേലാർകോട്, വണ്ടാഴി പഞ്ചായത്തുകളിൽ 2.4 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷിയും 1 ഹെക്ടർ പച്ചക്കറി കൃഷിയും ചെയ്തിട്ടുണ്ട്. കൂടാതെ 15730 കിറ്റ് പച്ചക്കറി വിത്തും 36800 പച്ചക്കറി തൈകളും വിതരണം ചെയ്തു.<br>മേലാർകോട് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 50,000 പച്ചക്കറി തൈകൾ 67 യൂണിറ്റ് ഗ്രോബാഗുകൾ 15.000 ടിഷ്യുകൾച്ചർ വാഴ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്<br>***കുഴൽമന്ദം ബ്ലോക്ക്***<br>1) പരിസ്ഥിതി സൗഹൃദനെൽകൃഷി നടത്തുന്നു.<br>2) തരിശുഭൂമിയിൽ പച്ചക്കറി/പാട്ടകൃഷി നടത്തുന്നു.<br>3) പച്ചക്കറി തൈകൾ - 10,070 പച്ചക്കറി തൈകൾ വിതരണം ചെയ്തു.<br>4) ബയോബിൻ – 10 എണ്ണം സ്ഥാപിച്ചു.<br>5) 3300 കുരുമുളക് വള്ളി വിതരണം ചെയ്തു.<br>6) ജനകീയാസൂത്രണപദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് 1,20,000/- പച്ചക്കറി തൈകൾ വിതരണം ചെയ്തു.<br>7) ജൈവനിയന്ത്രണോപാധി 100 കിലോഗ്രാം നൽകി ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 50 ഏക്കർ വരുന്ന 3 ഗ്രൂപ്പുകളെ തിരഞ്ഞെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു. |
| (ബി)ഈ പദ്ധതിയുടെ ഭാഗമായി പുതിയ പദ്ധതികൾ പ്രസ്തുത മണ്ഡലത്തിൽ | (ബി) **ആലത്തൂർ ബ്ലോക്ക്**<br>1) വിവിധ പഞ്ചായത്തുകളിൽ കമ്പോസ്റ്റ് കുഴികൾ |

| | |
|---|---|
| നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | നിർമ്മിക്കുന്നതാണ്.<br>2) പരിസ്ഥിതി സൗഹൃദ കൃഷി രണ്ടാംവിളയിൽ നടത്തുന്നു.<br>**നെൻമാറ ബ്ലോക്ക്**<br>വണ്ടാഴി മേലാർകോട് പഞ്ചായത്തുകളിൽ ഓരോ വാർഡുകൾ ഹരിതവാർഡുകൾ ആക്കുവാൻ ഉദ്ദേശിക്കുന്നു. (എല്ലാ വീടുകളിലും പച്ചക്കറികൃഷിയും, മാലിന്യസംസ്കരണ യൂണിറ്റുകളും സ്ഥാപിച്ച്).<br>**കുഴൽമന്ദം ബ്ലോക്ക്**<br>പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂടുതൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാനും പച്ചക്കറികൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാനും അത്യുൽപാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനും വേണ്ട പദ്ധതികൾക്ക് രൂപം കൊടുക്കുവാനും ഉദ്ദേശിക്കുന്നു. കൂടാതെ തേങ്കുറിശ്ശി പഞ്ചായത്തിനെ പച്ചക്കറി സ്വയംപര്യാപ്ത പഞ്ചായത്തായി മാറ്റുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 3 ബയോബിൻ സ്ഥാപിക്കുവാനും ഒരു വാം (VAM) പ്രൊഡക്ഷൻ യൂണിറ്റും 0.70 ഹെക്ടർ തരിശുനില പച്ചക്കറികൃഷിയും 0.70 ഹെക്ടർ പറമ്പ്കൃഷിയും നിറപദ്ധതിയുടെ ഭാഗമായി 500 ഏക്കർ രണ്ടാംവിള സംയോജിത പരിസ്ഥിതി സൗഹാർദ്ദ കൃഷിയും, ആർ.കെ.വി.വൈ. പദ്ധതിയുടെ തുടർപ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ പോകുന്നു. |

**സെക്ഷൻ ഓഫീസർ**